# കേരള സംസ്ഥാന മനുഷ്യാവകാശകമ്മീഷൻ

ഹാജർ : കെ. ബൈജുനാഥ്,
ബഹു. ജുഡീഷ്യൽ ജുഡീഷ്യൽ അംഗം

**എച്ച്.ആർ.എം.പി. നമ്പർ : 1585/11/12/2023/ TVM**

പരാതികക്ഷി : സലീഹത്ത് ബീവി,ടൗൺഷിപ്പ് കോളനി
പുല്ലൂർക്കോണം,റ്റി.സി.63/2163
വിഴിഞ്ഞം,തിരുവനന്തപുരം

എതിർകക്ഷി : മുഹമ്മദ് ഷാഫിയുടെ ഭാര്യ ഹമീദാബീവി

ടിയാളുടെ മകൻ അൻ വർ സാദത്ത്

ടിയാളുടെ മകൾ റംല ബീഗം

**ഉത്തരവ് തീയതി 09.05.2024**

പരാതികക്ഷി താമസിക്കുന്ന വീട്ടിൽ 11.02.2023 തീയതി പകൽ 10 മണിയോടെ എതിർകക്ഷികൾ മാരാകായുധങ്ങളുമായി അതിക്രമിച്ച് കയറി തന്നെ കൊന്നുകളയുമെന്ന് പറഞ്ഞ് ഭീഷണിമുഴക്കുകയും ദേഹോപദ്രവം ഏൽപ്പിക്കുകയും, വീടിന്റെ കതകും മേൽക്കൂരയും അടിച്ചു തകർക്കുകയും ചെയ്തതായും ഇതു സംബന്ധിച്ച് വിഴിഞ്ഞം പോലീസ് സ്റ്റേഷനിൽ പരാതി നൽകിയിട്ട് നടപടിയൊന്നും സ്വീകരിച്ചിട്ടില്ലായെന്നും മറ്റുമാണ് പരാതി സംഗതി.

പരാതി വിഷയത്തിൽ വിഴിഞ്ഞം സ്റ്റേഷൻ ഹൗസ് ഓഫീസർ ഒരു റിപ്പോർട്ട് സമർപ്പിച്ചു. പരാതി സംഗതിക്ക് പരാതികക്ഷിയിൽ നിന്നും മൊഴി വാങ്ങി എതിർകക്ഷികളായി പറയുന്നവരെ പ്രതികളാക്കി വിഴിഞ്ഞം പോലീസ് സ്റ്റേഷൻ ക്രൈം 207/2023 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നതായി റിപ്പോർട്ടിൽ കാണുന്നു.

പരാതിയും റിപ്പോർട്ടും കമ്മീഷൻ പരിശോധിക്കുകയും പരാതികക്ഷിയെ നേരിൽ കേൾക്കുകയും ചെയ്തു. വിഴിഞ്ഞം പോലീസ് സ്റ്റേഷൻ ക്രൈം 207/2023 നമ്പർ കേസിന്റെ അന്വേഷണം എത്രയും വേഗം പൂർത്തിയാക്കി തുടർനടപടികൾ സ്വീകരിക്കേണ്ടതാണെന്ന് വിഴിഞ്ഞം പോലീസ് ഇൻസ്പെക്ടറോട് നിർദ്ദേശിച്ചുകൊണ്ട് ഈ പരാതി തീർപ്പാക്കുന്നു

ഒപ്പ്
**കെ. ബൈജുനാഥ്**
**ആക്ടിംഗ് ചെയർമാൻ & ജുഡീഷ്യൽ അംഗം**

//ശരിപ്പകർപ്പ്//

രജിസ്ട്രാർ